# Official Spokesperson’s response to media queries on the situation in Sri Lanka

July 10, 2022

## ശ്രീലങ്കയിലെ സ്ഥിതിയെക്കുറിച്ചുള്ള മാധ്യമചോദ്യങ്ങളോട് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

ജൂലൈ 10, 2022

ശ്രീലങ്കയിലെ സ്ഥിതിയെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടിയായി ഔദ്യോഗിക വക്താവ് ശ്രീ അരിന്ദം ബാഗ്ചിയുടെ പ്രതികരണം ഇപ്രകാരമായിരുന്നു.

"ഇന്ത്യ ശ്രീലങ്കയുടെ ഏറ്റവും അടുത്ത അയൽരാജ്യമാണ്, രണ്ട് രാജ്യങ്ങളും ആഴത്തിലുള്ള നാഗരിക ബന്ധങ്ങൾ പങ്കിടുകയും ചെയ്യുന്നു.

ശ്രീലങ്കയും അവിടുത്തെ ജനങ്ങളും അഭിമുഖീകരിക്കുന്ന നിരവധി വെല്ലുവിളികളെ കുറിച്ച് ഞങ്ങൾക്കറിയാം, ഈ ദുഷ്കരമായ കാലഘട്ടത്തെ മറികടക്കാൻ ശ്രീലങ്കൻ ജനത ശ്രമിക്കുമ്പോൾ ഞങ്ങൾ അവർക്കൊപ്പം നിൽക്കുന്നു.

ഞങ്ങളുടെ അയൽരാജ്യങ്ങൾക്ക് മുൻഗണന എന്നനയത്തിൽ ശ്രീലങ്ക വഹിക്കുന്ന കേന്ദ്രസ്ഥാനം അനുസരിച്ച്, ശ്രീലങ്കയിലെ ഗുരുതരമായ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഇന്ത്യ ഈ വർഷം തന്നെ 3.8 ബില്യൺ യുഎസ് ഡോളറിന്റെ പിന്തുണ നൽകിയിട്ടുണ്ട്.

ശ്രീലങ്കയിലെ സമീപകാല സംഭവവികാസങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നത് ഞങ്ങൾ തുടരുന്നതാണ്.ജനാധിപത്യ മാർഗങ്ങളിലൂടെയും മൂല്യങ്ങളിലൂടെയും സ്ഥാപിത സ്ഥാപനങ്ങളിലൂടെയും ഭരണഘടനാ ചട്ടക്കൂടിലൂടെയും സമൃദ്ധിക്കും പുരോഗതിക്കുമുള്ള അവരുടെ അഭിലാഷങ്ങൾ സാക്ഷാത്കരിക്കാൻ ശ്രമിക്കുന്ന ശ്രീലങ്കയിലെ ജനങ്ങൾക്കൊപ്പം ഇന്ത്യ നിലകൊള്ളുന്നു.

**ന്യൂ ഡെൽഹി**
**ജൂലൈ 10, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.